# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 314** **11-06-2012 ൽ മറുപടിക്ക്**

## കള്ളനോട്ട് കേസുകളിൽ പ്രതികളാകുന്ന നിരപരാധികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി** |
| എ) | കള്ളനോട്ട് കേസ്സുകളിൽ പലപ്പോഴും നിരപരാധികളാണ് പ്രതിസ്ഥാനത്ത് വരുന്നത് എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | നിരക്ഷരരായ കർഷകർ, ചെറുകിട കച്ചവടക്കാർ, വഴിവാണിഭക്കാർ എന്നിവർക്ക് ലഭിക്കുന്ന നോട്ടുകളിൽ കള്ളനോട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർ പ്രതികളാക്കപ്പെടുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | ബി) | നിരക്ഷരരായ കർഷകർ, ചെറുകിട കച്ചവടക്കാർ, വഴിവാണിഭക്കാർ എന്നിവർക്ക് ലഭിക്കുന്ന നോട്ടുകളിൽ കള്ളനോട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ സാഹചര്യം പഠിച്ച് അന്വേഷണം നടത്തി മാത്രമേ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താറുള്ളു. നിരപരാധികളെ പ്രതികളാക്കുന്ന സാഹചര്യം സൃഷ്ടിക്കാറില്ല |
| സി) | പ്രസ്തുത സാഹചര്യങ്ങളിൽ അറിയാതെ കേസിൽപ്പെട്ടുപോകുന്നവർക്ക്, നിപരാധിത്വം തെളിയിക്കുന്നതിനായി നോട്ടു കിട്ടിയത് ആരിൽ നിന്നാണെന്ന് പറഞ്ഞുകൊടുക്കാൻ സാധിക്കാത്ത അവസ്ഥയിൽ അവർ ശിക്ഷിക്കപ്പെടുന്നത് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുമോ? | സി) | കേസ്സിൽ ഉൾപ്പെടുന്ന വ്യക്തികളെയും അവരുടെ പ്രവർത്തികളെയും അവർക്ക് കേസ്സുമായുള്ള ബന്ധത്തെയും സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി കള്ളനോട്ട് കൈവശം വരാനുണ്ടായ സാഹചര്യത്തെകുറിച്ച് കൃത്യമായ തെളിവു ലഭിച്ചതിനുശേഷം മാത്രമേ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാറുള്ളു. അന്വേഷണത്തിൽ ഒരാൾ നിരപരാധിയാണെന്ന് കാണുന്ന പക്ഷം ഈ കാര്യം ചൂണ്ടിക്കാട്ടി ബഹു. കോടതിയ്ക്ക് റിപ്പോർട്ട് നല്കാറുണ്ട്. |

സെക്ഷൻ ഓഫീസർ